# ഡിപിഐ കോൺഫ്രൻസ് മിനുറ്റ്സ് 18.5.2017

1) **ജൂൺ 1 പ്രവേശനോത്സവം**

പ്രവേശനോത്സവം സ്ക്കൂൾതലത്തിലും ജില്ലാതലത്തിലും വിപുലമായ രീതിയിൽ ഉദ്ഘാടനം ചെയ്യേണ്ടതും നടത്തേണ്ടതുമാണ്.

2) **ജൂൺ 5 പരിസ്ഥിതിദിനം**

പരിസ്ഥിതി ദിനം മഴകൊയ്ത്ത് ഉത്സവമായി ആഘോഷിക്കേണ്ടതാണ്. അദ്ധ്യാപകന് ഒന്ന്, സ്ക്കൂളിന് ഒന്ന്, കുട്ടിക്ക് ഒന്ന് എന്ന കണക്കിൽ മഴക്കുഴി നിർമ്മിക്കേണ്ടതാണ്. (സ്ക്കൂളിൽ ഒരു മഴക്കുഴി, ഓരോ അദ്ധ്യാപകന്റെയും വീട്ടിൽ ഒരു മഴക്കുഴി, ഓരോ കുട്ടിയുടെയും വീട്ടിൽ ഒരു മഴക്കുഴി, എന്നാണ് ഉദ്ദേശിക്കുന്നത്) സ്ക്കൂളിലെ കോമ്പൗണ്ടിന്റെ കോർണറിൽ കുട്ടികൾക്ക് അപകടമില്ലാത്ത രീതിയിൽ ആയിരിക്കണം മഴക്കുഴി നിർമ്മിക്കേണ്ടത്. കുഴിയിൽ ചകിരിയോ, കല്ലോ പാകി ഇടാവുന്നതാണ്. ഒരു മീറ്റർ ആഴത്തിലും വ്യാസത്തിലുമാണ് കുഴികൾ നിർമ്മിക്കേണ്ടത്. കുഴികൾ നിർമ്മിക്കുമ്പോൾ കുട്ടികൾ കളിക്കുന്നിടത്താകതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മേൽ പറഞ്ഞ പ്രവർത്തനങ്ങളിൽ സ്ക്കൂൾ പി.ടി.എ.യെ സഹകരിപ്പിക്കേണ്ടതാണ്. വൃക്ഷതൈകൾ ജൂൺ 25 മുതൽ സോഷ്യൽ ഫോറസ്ട്രി ഓഫീസുകളിൽ നിന്നും വിതരണം ചെയ്യുന്നതാണ്. സോഷ്യൽ ഫോറസ്ട്രി ഓഫീസുമായി ബന്ധപ്പെട്ട് അതാത് സ്ക്കൂളുകൾ ആവശ്യമുള്ളത്രയെണ്ണം തൈകൾ സ്ക്കൂൾ വാഹനത്തിലോ എൽ.എസ്.ജി.ഡി.യുടെ വാഹനത്തിലോ കൊണ്ട് വരേണ്ടതാണ്. പരിസ്ഥിതി ദിനം ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെ കൊണ്ട് ചെയ്യിപ്പിക്കേണ്ടതാണ്.

3) **ജൈവവൈവിദ്ധ്യ പാർക്ക്**

എല്ലാ സ്ക്കൂളുകളിലും ജൈവവൈവിദ്ധ്യ പാർക്ക് നിർമ്മിച്ച് ജൂൺ 5 ന് ഉദ്ഘാടനം ചെയ്യേണ്ടതാണ്. തിരഞ്ഞെടുക്കപ്പെട്ട സ്ക്കൂളുകളിലേക്ക് 10,000/-രൂപ വീതം അനുവദിച്ചിട്ടുണ്ട്. തുടർന്ന് മറ്റ് സ്ക്കൂളുകളിലേക്കും ഫണ്ട് ലഭ്യമാക്കുന്നതായിരിക്കും.

4) **യൂണിഫോം**

യൂണിഫോം വിതരണം സംസ്ഥാന തലത്തിൽ മെയ് 22ന് തിരുവനന്തപുരത്ത് നടക്കുന്നതായിരിക്കും. അതേ ദിവസം തന്നെ 3 മണിയ്ക്ക് ജില്ലാതല ഉദ്ഘാടനം അതാത് ജില്ലകളിൽ നടത്തേണ്ടതാണ്. പ്രസ്തുത പരിപാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും വിദ്യാഭ്യാസ ഉപഡയറക്ടർമാർ യൂണിഫോം ഏറ്റ് വാങ്ങേണ്ടതാണ്. മെയ് 23 മുതൽ യൂണിഫോമിന്റെ വിതരണം എല്ലാ സ്ക്കൂളുകളിലും നടത്തിയിരിക്കേണ്ടതാണ്. ബാക്കിയുള്ള കുട്ടികൾക്കുള്ള യുണിഫോം ഫണ്ട് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ഉടൻ അയക്കുന്നതായിരിക്കും. ടി തുക മെയ് 23 മുതൽ സ്ക്കൂളുകളിലേയ്ക്ക് വിതരണം ചെയ്യേണ്ടതും മെയ് 25നകം പൂർത്തികരിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5) **ടെക്സ്റ്റ് ബുക്ക്**

1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ ടെക്സ്റ്റ് ബുക്ക് വിതരണം മെയ് 25നകം പൂർത്തികരിക്കേണ്ടതാണ്. അന്ന് തന്നെ 5 മണിയ്ക്ക് അതിന്റെ റിപ്പോർട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. കുറവുള്ള പുസ്തകങ്ങൾ തൊട്ടടുത്ത ജില്ലയിൽ നിന്നും എടുത്ത് വിതരണം ചെയ്യേണ്ടതാണ്.

6) **സ്ക്കൂൾ ഫിറ്റ്നസ്**

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് മെയ് 25 ന് മുമ്പ് തന്നെ അതാത് സ്ക്കൂളുകൾ വാങ്ങേണ്ടതാണ്. മഴയ്ക്ക് മുമ്പ് കുട്ടികൾക്ക് അപകട ഭീഷണി ഉയർത്തുന്ന മരങ്ങൾ മുറിച്ചു മാറ്റേണ്ടതാണ്. ഫിറ്റ്നസ് ലഭിച്ചതിന്റെ റിപ്പോർട്ട് ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാരിൽ നിന്നും ശേഖരിച്ച് മെയ് 25നകം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7) വാഹനങ്ങളുടെ ഫിറ്റ്നസ്

സ്ക്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് ഉറപ്പാക്കി മെയ്31 ന് മുമ്പ് സർട്ടിഫിക്കറ്റ് വാങ്ങി വെയ്ക്കേണ്ടതാണ്. ജൂൺ 1ന് എല്ലാ സ്ക്കൂളുകളിൽ നിന്നും ശേഖരിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

8) ടീച്ചർ വേക്കൻസി

പ്രൊട്ടക്ടഡ് ടീച്ചേഴ്സിനെ ഡിപ്ലോയ് ചെയ്യേണ്ടതാണ്. ജൂൺ 25 ന് ഉള്ളിൽ എല്ലാ വിഭാഗത്തിന്റെയും ട്രാൻസ്ഫർ & പോസ്റ്റിംഗ് പൂർത്തീകരിക്കേണ്ടതാണ്

വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ.

പകർപ്പ്:

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

എ. കത്ത് നം. FH – 11696/17 തീയതി 20.5.17

പകർപ്പ് എല്ലാ ജില്ല/ഉപജില്ല, വി. ആഫീസർമാർക്കും അയക്കുന്നു. 18.5.17. ലെ പൊ.വി. ഡയറക്ടറുടെ കോൺഫറൻസിലെ മിനിട്സിലെ നിർദ്ദേശങ്ങൾ എല്ലാ ഹെഡ്മാസ്റ്റർമാർക്കും നൽകുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

For വിദ്യാഭ്യാസ ഉപഡയറക്ടർ
എറണാകുളം.